# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2238 15-07-2011-ൽ മറുപടിയ്ക്ക്

## റെയിൽവേ പുറമ്പോക്കിൽ നിന്നും ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. കെ. രാജു എം.എൽ.എ | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പുമന്ത്രി) |
|---|---|
| (എ) പുനലൂർ മുനിസിപ്പൽ മേഖലയിൽ റെയിൽവേ പുറമ്പോക്കിൽ നിന്നും ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പുനലൂർ അഷ്ടമംഗലത്ത് എത്ര ഭൂമിയാണ് സർക്കാർ ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത് ; പ്രസ്തുത ഭൂമി മേൽപ്പറഞ്ഞ പുനരധിവാസത്തിനായി നൽകുന്നതിന് തടസ്സമുണ്ടോയെന്നറിയിക്കുമോ ; | (എ) പുനലൂർ മുനിസിപ്പൽ മേഖലയിൽ പുനലൂർ വില്ലേജിൽ റെയിൽവേ പുറമ്പോക്കിൽ നിന്നും ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 6 ഏക്കർ 18 സെന്റ് 750 ച. മീ.സ്ഥലം സർക്കാറിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട് ; പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) ഒഴിപ്പിക്കപ്പെടുന്നവരിൽ അർഹരായിട്ടുള്ളവരുടെ ലിസ്റ്റ് കൊല്ലം ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) ഭൂമി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിനോ അർഹരായവർക്ക് സർക്കാർ നേരിട്ട് 4 സെന്റ് വീതം കൊടുക്കുന്നതിനോ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ